**തിരുവനന്തപുരം ഫോറസ്റ്റ് ഹെഡ്ക്വാർട്ടേഴ്സിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടി ഉത്തരവ്**

**പുറപ്പെടുവിക്കുന്നത് : സൂസൻ ഗോപി**

**വിഷയം:-** വനം വകുപ്പ് - ജീവനക്കാര്യം - ഫോറസ്റ്റ് ഡ്രൈവർമാർക്ക് റേഷ്യോ പ്രൊമോഷൻ അനുവദിച്ചുകൊണ്ട് പുറപ്പെടുവിക്കുന്ന ഉത്തരവ്.

**സൂചന:-**

1. ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 28.09.2019-ലെ ഇ5-58303/2017-ാം നമ്പർ ഉത്തരവ്.
2. സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ 13.06.2019 - ലെ ഇ2-3238/19-ാം നമ്പർ ഉത്തരവ്.

**ഉത്തരവ് നമ്പർ ഇ2-3238/19 തീയതി: 04.12.2019**

വനം വകുപ്പിൽ നിലവിലെ ഡ്രൈവർ തസ്തികയുടെ എണ്ണം 259 ആണ്. ആയതിൽ രണ്ടാം ഗ്രേഡ്, ഒന്നാം ഗ്രേഡ്, സീനിയർ ഗ്രേഡ് എന്നീ തസ്തികകളുടെ അനുപാതം 1 : 1 : 1 ആയും സീനിയർ ഗ്രേഡ് തസ്തികയുടെ 10% സെലക്ഷൻ ഗ്രേഡ് ഡ്രൈവർ തസ്തികയായും നിശ്ചയിച്ചിട്ടുണ്ട്.

ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ സൂചന (1) പ്രകാരം പ്രസിദ്ധീകരിച്ചിട്ടുള്ള സീനിയോരിറ്റി ലിസ്റ്റിലെ ചുവടെപ്പറയുന്ന സീനിയർ ഗ്രേഡ് ഡ്രൈവർ ടിയാന്റെ പേരിനു നേരെ കാണിച്ചിട്ടുള്ള തീയതിയിൽ വിരമിച്ചിട്ടുണ്ട്.

| പേര് | സീനിയോറിറ്റി ലിസ്റ്റിലെ ക്രമനമ്പർ | വിരമിച്ച തീയതി |
|---|---|---|
| ശ്രീ.എൻ.കൃഷ്ണൻ കുട്ടി | 27 | 31.07.2019 |

മേൽപ്പറഞ്ഞ വിരമിക്കൽമൂലം സീനിയർ ഗ്രേഡ് ഡ്രൈവർ തസ്തികയിൽ ഒരു ഒഴിവ് നിലവിൽ വന്നിട്ടുണ്ട്. സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ സൂചന (2) ഉത്തരവ് പ്രകാരം കെ.സുഭാഷ്(സീനിയോറിറ്റി നമ്പർ.104) വരെയുള്ളവർക്ക് സീനിയർ ഗ്രേഡ് ഡ്രൈവറായി സ്ഥാനക്കയറ്റം നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ സീനിയർ ഗ്രേഡ് ഡ്രൈവർ തസ്തികയിൽ നിലവിലുള്ള ഒരു ഒഴിവിലേക്ക് ചുവടെപ്പറയുന്ന ഗ്രേഡ്-I ഫോറസ്റ്റ് ഡ്രൈവറെ ടിയാന്റെ പേരിനുനേരെ കാണിച്ചിട്ടുള്ള തീയതിയിൽ പ്രാബല്യത്തിൽ 25200-54000/-രൂപ ശമ്പള സ്കെയിലിൽ റേഷ്യോ പ്രൊമോഷൻ അനുവദിച്ച് ഉത്തരവാകുന്നു.

| പേര് | സീനിയോറിറ്റി ലിസ്റ്റിലെ ക്രമനമ്പർ | പ്രാബല്യ തീയതി |
|---|---|---|
| ശ്രീ.എസ്.അനിൽകുമാർ | 105 | 01.08.2019 |

മേൽപ്പറഞ്ഞ സ്ഥാനക്കയറ്റം മൂലം ഗ്രേഡ്-I തസ്തികയിൽ ഒരു ഒഴിവ് ഉണ്ടായിട്ടുണ്ട്. സൂചന(2) ഉത്തരവ് പ്രകാരം സീരിയൽ നമ്പർ.184 ആയ ശ്രീ.സജി.പി.ആർ വരെയുള്ളവർക്ക് ഗ്രേഡ്-I തസ്തികയിൽ റേഷ്യോ പ്രൊമോഷൻ അനുവദിച്ചിട്ടുണ്ട്. ശ്രീ.എസ്.അനിൽകുമാറിന്റെ സ്ഥാനക്കയറ്റം മൂലം ഗ്രേഡ് I ഡ്രൈവർ തസ്തികയിൽ ഉണ്ടായ ഒരു ഒഴിവിലേയ്ക്ക് ചുവടെ പറയുന്ന ഗ്രേഡ്-II ഫോറസ്റ്റ് ഡ്രൈവർക്ക് ടിയാന്റെ പേരിനുനേരെ കാണിച്ചിട്ടുള്ള പ്രാബല്യതീയതിയിൽ 22200 - 48000 രൂപ ശമ്പളസ്കെയിലിൽ റേഷ്യോ പ്രൊമോഷൻ അനുവദിച്ച് ഉത്തരവാകുന്നു.

| **പേര്** | **സീനിയോറിറ്റി ലിസ്റ്റിലെ ക്രമനമ്പർ** | **പ്രാബല്യ തീയതി** |
|---|---|---|
| ശ്രീ.വിനിൽ കുമാർ.സി | 185 | 01.08.2019 |

മേൽ വിവരിച്ച സ്ഥാനക്കയറ്റം സർക്കാർ ഉത്തരവ്.(പി)നം.7/2016/ഫിൻ തീയതി 20-01-2016, സർക്കാർ ഉത്തരവ് (എം.എച്ച്)നം.389/2016(25)/ഫിൻ തീയതി 04.10.16 പ്രകാരം പുതുക്കിയ ശമ്പള സ്കെയിലിലാണ് അനുവദിച്ചിട്ടുള്ളത്. താഴ്ന്ന ശമ്പള സ്കെയിലുകളിൽ സമയബന്ധിത ഗ്രേഡ് അനുവദിച്ചവരുടെ ശമ്പളം കെ.എസ്.ആർ ചട്ടം 30 പ്രകാരം ക്രമീകരിക്കേണ്ടതാണ്.

**സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ.**

വ്യക്തികൾക്ക് (മേലധികാരി മുഖേന)

**പകർപ്പ്:-**

1. എല്ലാ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർമാർക്ക്/ അഡീഷണൽ പ്രിൻസിപ്പൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർമാർക്ക്/ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർമാർക്ക്.
2. എല്ലാ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ/ വൈൽഡ്ലൈഫ് വാർഡൻ/ അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ/ വർക്കിംഗ് പ്ലാൻ ഓഫീസർമാർക്ക്
3. വനം വകുപ്പ് വെബ്സൈറ്റിലേയ്ക്ക്
4. സ്റ്റോക്ക് ഫയൽ.